കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതി - ആദ്യ വാർഷിക പദ്ധതി (2017-2018) ഭേദഗതി — ആസൂത്രണ മാർഗ്ഗരേഖ - കൂടുതൽ ഉൾപ്പെടുത്തലുകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2785/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 11.08.2017

വായന:- 1) സ.ഉ(എം.എസ്)നം. 72/2017/തസ്വഭവ തീയതി 29.03.2017
2) സ.ഉ(എം.എസ്)നം. 79/2017/തസ്വഭവ തീയതി 03.04.2017
3) 27/07.2017 ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻസമിതിയുടെ തീരുമാനം നമ്പർ 2.3

Office of the Chief Engineer LSGD, Thiruvananthapuram 18/8/17

CE
DCE
AC
AA
JS

## ഉത്തരവ്

മുകളിൽ മൂന്നാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻസമിതിയുടെ തീരുമാന പ്രകാരം 2017-18 വാർഷിക പദ്ധതിയിൽ ചുവടെ പറയുന്ന ഭേദഗതി മാത്രം വരുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(i) ജില്ലാ ആസൂത്രണസമിതി നിരസിച്ച പ്രോജക്ടുകൾക്ക് പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ

(ii) ജില്ലാ ആസൂത്രണസമിതി ഭേദഗതി നിർദ്ദേശിച്ച പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയോ പകരം പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യൽ

(iii) വെറ്റിംഗ് ഓഫീസർ/ജില്ലാതല അപ്പീൽ കമ്മിറ്റി നിരസിച്ച പ്രോജക്ടുകൾക്ക് പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ.

(iv) വെറ്റിംഗ് ഓഫീസർ/ജില്ലാതല അപ്പീൽ കമ്മിറ്റി നിർദ്ദേശിച്ച പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയോ പകരം പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യൽ

(v) 2016-17 ന് മുമ്പുള്ള സ്പിൽഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ 2017-18 ലെ ബജറ്റ് വിഹിതം/ തനത് ഫണ്ട് വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ടുകൾ.

(vi) പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത് നിർദ്ദിഷ്ട ഫോറത്തിൽ അല്ലായെങ്കിൽ ശരിയായ ഫോറം ഉപയോഗിക്കുന്നതിനുള്ള ഭേദഗതി.

(vii) മുമ്പ് നിർമ്മാണം തുടങ്ങി പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനു വേണ്ടിയുള്ള പ്രോജക്ടുകൾ. ഇനി നൽകേണ്ട ഗഡുക്കൾക്ക് ആനുപാതികമായി പുതിയ നിരക്കിൽ തുക നൽകാവുന്നതാണ്.

(viii) ഹരിത കേരള മിഷനുമായി ബന്ധപ്പെട്ട പുതിയ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനത്തിന് ഏറ്റെടുക്കാവുന്നതാണ്. ഇതടക്കം സർക്കാർ നിർദ്ദേശിക്കുന്ന ഭേദഗതികൾ/ പ്രോജക്ടുകൾ ഉൾപെടുത്താൻ അനുമതി നൽകാവുന്നതാണ്.

(ix) മേൽ പറഞ്ഞ ഭേദഗതികൾ സാധ്യമാക്കുന്നതിന് അനിവാര്യമായ മറ്റ് ഭേദഗതികളും ആകാവുന്നതാണ്. ഉദാഹരണത്തിന് ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ചത് പ്രകാരം ഒരു പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കേണ്ടതുണ്ടെങ്കിൽ മേഖലാ നിബന്ധനകൾക്കനുസൃതമായി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ/ പ്രോജക്ടുകളിൽ നിന്ന് വിഹിതം കണ്ടെത്തി വകയിരുത്തേണ്ടതാണ്. അതുപോലെ വിട്ടുപോയ സ്പിൽഓവർ പ്രോജക്ടുകൾ കൂട്ടിച്ചേർക്കുമ്പോൾ 2017-18 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തി വകയിരുത്തണം.

2) മുകളിൽ പറഞ്ഞ ഭേദഗതികൾ 15.09.2017-ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന അസൂത്രണ ബോർഡ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും - ഗ്രാമവികസന കമ്മീഷണർ മുഖേന

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സംസ്ഥാന അസൂത്രണ ബോർഡ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ